പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6434 — 08.07.2014-ൽ മറുപടിക്ക്

## സ്റ്റോപ്പുകളിൽ നിർത്താത്ത ബസുകളെ നിരീക്ഷിക്കാൻ നടപടി

ചോദ്യം — ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള ബസ് സ്റ്റോപ്പുകളിൽ, ആളുകളെ കയറ്റുന്നതിനു വേണ്ടി പലപ്പോഴും കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിറുത്തുന്നില്ല എന്ന കാര്യം അറിയുമോ; | (എ) | ബസ് സ്റ്റോപ്പുകളിൽ നിറുത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യണമെന്നതു സംബന്ധിച്ച് കർശനമായ നിർദ്ദേശം ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി നൽകിയിട്ടുണ്ട്. ബസ് സ്റ്റോപ്പിൽ നിർത്താത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. |
| (ബി) | ഇത്തരത്തിൽ പോകുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളെ നിരീക്ഷിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വിശദമാക്കാമോ; | (ബി) | കുറ്റമറ്റ പരിശോധനാ സംവിധാനം കെ. എസ്.ആർ.ടി.സിയിൽ നിലവിലുണ്ട്. പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകളിൽ പോയിന്റ് ഡ്യൂട്ടിക്കായി ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കാറുമുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ ഒരു പഠനം നടത്തി കെ. എസ്. ആർ. ടി. സി ഓപ്പറേറ്റിംഗ് ക്രൂകൾക്ക് ട്രെയിനിംഗ് നൽകുവാൻ തയ്യാറാകുമോ? | (സി) | കെ.എസ്.ആർ.ടി.സി ഡ്രൈവർ/കണ്ടക്ടർ വിഭാഗങ്ങൾക്ക് സർവ്വീസ് നടത്തുന്നത് സംബന്ധമായും യാത്രക്കാരോടുള്ള മാന്യമായ പെരുമാറ്റം സംബന്ധിച്ചും പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ